**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസമേഖലയിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളും എസ്.എച്ച്.ഇ. പദ്ധതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ ശാക്തീകരണം ലക്ഷ്യംവെച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സർവ്വകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും "സമഭാവനയുടെ സൽക്കലാശാലകൾ" എന്ന പരിപാടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വനിതാ ഹോസ്റ്റലുകളിലെ സമയക്രമം ആൺകുട്ടികളുടെ ഹോസ്റ്റലുകളോട് സമീകരിച്ചു. 19.01.2023 ലെ സ.ഉ (കൈ) നം. 33/2023/ഉവിവ പ്രകാരം വിദ്യാർത്ഥിനികൾക്ക് ആർത്തവാവധിയും പ്രസവാവധിയും അനുവദിച്ച് നൽകി.<br><br>സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം 02/12/2022 ലെ സ.ഉ (സാധാ) നം. 1793/2022/ ഉവിവ പ്രകാരം നൽകിയിട്ടുണ്ട്. തദനുസരണം SHE പദ്ധതി വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഷീ [സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ] പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ പ്രവർത്തനം വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം 02/12/2022 ലെ സ.ഉ (സാധാ) നം. 1793/2022/ഉവിവ പ്രകാരം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. തദനുസരണം SHE പദ്ധതി വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | SHE പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദേശങ്ങൾ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ്/ പോളിടെക്നിക്ക് കോളേജുകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിനായി എല്ലാ കോളേജുകളിലും കോ-ഓർഡിനേറ്റർമാരെയും പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വകുപ്പ്തല കോ-ഓർഡിനേറ്ററെയും നിയോഗിച്ചിട്ടുള്ളതാണ്. കോളേജുകളിൽ നിന്നുള്ള പ്രൊപ്പോസലുകൾ വകുപ്പ് തലത്തിൽ വിശകലനം ചെയ്തു വരുന്നുണ്ട്. SHE പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനായി കൃത്യമായ ചട്ടക്കൂട് ആവശ്യമായതിനാൽ ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനോടൊപ്പം പോളിടെക്നിക്ക് കോളേജുകളിൽ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | SHE (Scheme for Her Empowerment in Engineering Education) പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം 02/12/2022 ലെ സ.ഉ (സാധാ) നം. 1793/2022/ ഉവിവ പ്രകാരം നൽകിയിട്ടുണ്ട്. തദനുസരണം പ്രസ്തുത പദ്ധതി വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ